(ബി) പ്രമാണങ്ങളും സാക്ഷ്യപ്പെടുത്തുന്നതിനും ലൈഫ്, സർട്ടിഫിക്കറ്റുകളും കൊടുക്കുന്നതിനുള്ള അധികാരമുണ്ട്. എല്ലാ ഗസറ്റഡ് ആഫീസർമാർക്കും ട്രഷറികളിൽനിന്നും സ്വയം ശമ്പളം എഴുതി വാങ്ങുന്നതിനും അധികാരമുണ്ട്. മറ്റു പ്രത്യേക അധികാരങ്ങളോ, ആനുകൂല്യങ്ങളോ അവകാശങ്ങളോ ഇല്ല.

(സി) പശ്ചിമ ബംഗാളിൽ ഗസറ്റഡ് നോൺ ഗസറ്റഡ് വ്യത്യാസം എടുത്തുകളഞ്ഞാലും എ, ബി, സി, ഡി, എന്നു മറ്റൊരുതരം തരംതിരിവ് നടപ്പിലുണ്ട്. അതിനാൽ അവിടത്തെ നടപടികളും കേരളത്തിൽ ബാധകമാക്കുന്നതുകൊണ്ട് പ്രത്യേക പ്രയോജനമൊന്നുമില്ല. ചന്ദ്രഭാനുക്കമ്മിഷൻ റിപ്പോർട്ടനുസരിച്ച് ജീവനക്കാരുടെ ക്ലാസ് I, II, III IV എന്നീ തരത്തിലുള്ള വിഭജനംപോലും, കേരളത്തിൽ ഒഴിവാക്കിയിരിക്കുകയാണ്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ പ്രമോഷൻ

1239 [1980] ശ്രീ. എസ്. തങ്കപ്പൻപിള്ള:

,, വട്ടിയൂർക്കാവ് രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സെക്രട്ടേറിയറ്റിൽ നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ സാദ്ധ്യത ടൈപ്പിസ്റ്റിനെ അപേക്ഷിച്ച് വളരെ കുറവാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ടൈപ്പിസ്റ്റുമാർക്ക് സെക്രട്ടേറിയറ്റിലും മറ്റു വിവിധ ഡിപ്പാർട്ടുമെന്റുകളിലും വ്യത്യസ്ഥ റേഷ്യോ അനുവദിച്ചതുപോലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും സെക്രട്ടേറിയറ്റിലും മറ്റു വിവിധ ഡിപ്പാർട്ടുമെന്റുകളിലും വ്യത്യസ്ഥ റേഷ്യോ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനും ടൈപ്പിസ്റ്റിനും പ്രത്യേകം ഗ്രഡേഷൻ ലിസ്റ്റും പ്രമോഷൻ നൽകുന്നതിനും വ്യത്യസ്ഥ അനുപാത ക്രമവുമാണ് നിലവിലുള്ളത്.

(ബി) പേ കമ്മിഷൻ നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സീനിയർ ഗ്രേഡ്, ഗ്രേഡ് I ഗ്രേഡ് II എന്നീ വിഭാഗങ്ങളിലുള്ള 2:5:14 എന്ന റേഷ്യോ 2:7:12 എന്ന് പുതുക്കി നിശ്ചയിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് സെക്രട്ടേറിയറ്റിലും മറ്റു വിവിധ ഡിപ്പാർട്ടുമെന്റുകളിലും വ്യത്യസ്ഥ റേഷ്യോ അനുവദിക്കാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly